**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 82** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഭവനനിർമ്മാണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നീലകണ്ഠൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനരഹിതരെയും ഭൂരഹിതരെയും കണ്ടെത്തി അവർക്ക് ഭവനം ലഭ്യമാക്കുന്നതിനായി ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുമോയെന്നും എങ്കിൽ ആയതിന്റെ നടപടിക്രമങ്ങളെക്കുറിച്ചും വിശദമാക്കാമോ;

**<u>മറുപടി:</u>** പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി പുതിയ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനനുസരിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** പട്ടികജാതി നഗറുകളിലും ഉന്നതികളിലും അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പട്ടികജാതി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2012-13 മുതൽ സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയും 2016-17 വർഷം മുതൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങൾ ഉള്ളതും, കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ ഗ്രാമങ്ങളിലാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി ഒരു ഗ്രാമത്തിന് പരമാവധി 1 കോടി രൂപ അനുവദിക്കുന്നു. കുടുംബങ്ങളുടെ എണ്ണം 25 ൽ കുറവുള്ള ഗ്രാമങ്ങളിൽ അതേ വാർഡിലെയോ ഭൂമിശാസ്ത്രപരമായി ചേർന്നുകിടക്കുന്ന തൊട്ടടുത്ത വാർഡിലെയോ നഗറിലെ കുടുംബങ്ങളെയും ഉൾപ്പെടുത്തി ക്ലസ്റ്ററായി ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ക്ലസ്റ്ററായി പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ 20- 24 കുടുംബങ്ങൾക്ക് 75 ലക്ഷം രൂപയും 15-19 കുടുംബങ്ങൾക്ക് 50 ലക്ഷം രൂപയും അനുവദിച്ച് ടി പദ്ധതി നടപ്പിലാക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്തതും 5 മുതൽ 15വരെ കുടുംബങ്ങൾ ഉള്ള പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പരമാവധി 25 ലക്ഷം രൂപ അനുവദിക്കുന്ന ഐശ്വര്യ ഗ്രാമം പദ്ധതി ആരംഭിച്ചിരുന്നു. കൂടുതൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ടു നടപ്പു വർഷം മുതൽ പഞ്ചമി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതാണ്

പട്ടികജാതി കോർപ്പസ് ഫണ്ട്(Corpus Fund for SCP) പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ, റോഡ്, പാർശ്വഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നിർവഹിക്കുന്നുണ്ട്. കൂടാതെ

അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിവിധ പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്നു

**(സി)** ലൈഫ് മിഷന്റെ കീഴിലുള്ള ഭവനനിർമ്മാണ പദ്ധതിയിൽ പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് മതിയായ പരിഗണന ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ഗൗരവമായി പരിശോധിക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മതിയായ പരിഗണന ലഭിച്ചിട്ടില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പ് പുതിയ ഭവന പദ്ധതി ആവിഷ്ക്കരിച്ചത്.

**സെക്ഷൻ ഓഫീസർ**